(ഡി) ദർഘാസുകൾ ക്ഷണിച്ച തീയതി

കിണറും പമ്പുഹൗസും 12-8-2009 (പുനർ ദർഘാസ്)

ജല ശുദ്ധീകരണശാല 11-3-2008

റോ വാട്ടർ പമ്പിംഗ് മെയിൻ 16-2-2009 (പുനർ ദർഘാസ്)

ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ

പാക്കേജ് എ 16-2-2009 (പുനർ ദർഘാസ്)

പാക്കേജ് ബി 22-6-2009

പാക്കേജ് സി 20-2-2009

പാക്കേജ് ഡി 20-2-2009

പാക്കേജ് ഇ 23-7-2009

ദർഘാസുകൾ മുനിസിപ്പാലിറ്റി അംഗീകരിച്ചത്

കിണറും പമ്പുഹൗസും 15-12-2009

റോ വാട്ടർ പമ്പിംഗ് മെയിൻ 6-7-2010

ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എ മുതൽ ഇ വരെ 15-12-2009

ദർഘാസുകൾ കെ.എസ്.യു.ഡി.പി.യ്ക്ക് നൽകിയത്.

കിണറും പമ്പുഹൗസും 21-12-2009

റോ വാട്ടർ പമ്പിംഗ് മെയിൻ 9-7-2010

ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എ മുതൽ ഇ വരെ 21-12-2009

എംപവേർഡ് കമ്മിറ്റി അംഗീകരിച്ചത്

ജലശുദ്ധീകരണശാല 16-12-2009

(ഇ) പ്രസ്തുത പദ്ധതിയുടെ വേഗത്തിലുള്ള നടത്തിപ്പിനായി കേരള ജല അതോറിറ്റിയുടെ ആലപ്പുഴ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ ശുപാർശയോടു കൂടി നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.യിൽ സമർപ്പിച്ച് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്.

പാലക്കാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ളപദ്ധതികൾ

133 (1861) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി എത്ര മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നും എത്ര കണക്ഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) വിവിധ പദ്ധതികൾക്കായി ഇതിനകം എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) 75486 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 5522 കണക്ഷനുകൾ അനുവദിച്ചിട്ടുമുണ്ട്.

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കുടിവെള്ളപദ്ധതി

134 (1862) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെയും ആലപ്പുഴ മുനിസിപ്പാലിറ്റിയുടെയും സഹായത്തോടെയുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ടെണ്ടറോ, റീ-ടെണ്ടറോ വിളിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിക്ക് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയിൽ ആരൊക്കെയാണ് അംഗങ്ങൾ ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പദ്ധതി എംപവേർഡ് കമ്മിറ്റിയിൽ വച്ചിട്ടുണ്ടോ ; എത്ര പ്രാവശ്യം പ്രസ്തുത പദ്ധതി ആലപ്പുഴ മുനിസിപ്പാലിറ്റി കൗൺസിൽ പാസ്സാക്കി എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിക്ക് ടെണ്ടറും റീ-ടെണ്ടറും വീണ്ടും വീണ്ടും വിളിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ആരാണുത്തരവാദിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ജി) പ്രസ്തുത പദ്ധതി ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കുമോ എന്നറിയിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly